**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**<u>ക്രമസമാധാന ചുമതലയും കുറ്റാന്വേഷണവും വേർതിരിച്ച് നൽകുന്നതിനുള്ള നടപടി</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1558 — 3/05/2017-ൽ മറുപടിക്ക്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനപോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | പോലീസിൽ മോഡണൈസേഷൻ രണ്ടുതരത്തിലാണ് ഉള്ളത്. 1. കേരള സർക്കാർ സംസ്ഥാന ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കുന്ന പദ്ധതിയായ പോലീസ് മോഡൈണേസേഷൻ പ്രോഗ്രാം<br>2. Modernization of Police Force (MoPF). ഈ സ്കീം 2000 മുതലാണ് ആരംഭിച്ചത്. കേന്ദ്ര വിഹിതമായി 60 % തുകയും സംസ്ഥാന വിഹിതമായി 40 ശതമാനം തുകയുമാണ് നിലവിൽ നൽകിവരുന്നത്. ഇത് തുടർ പദ്ധതികളാണ്.<br>സംസ്ഥാനത്തെ പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 100 പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കി ഉയർത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി ആധുനികമായ കമ്പ്യൂട്ടറുകൾ, സോഫ്റ്റ് വെയറുകൾ, ഫർണ്ണിച്ചർ എന്നിവ ടി പോലീസ് സ്റ്റേഷനുകൾക്ക് നൽകിയിട്ടുണ്ട്.<br>സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടിയും പൊതുജനങ്ങൾക്ക് വളരെ എളുപ്പത്തിൽ ഉപയോഗിക്കാവുന്നതും സുതാര്യവും വേഗതയേറിയതുമായ ആധുനിക മൊബൈൽ ആപ്ലിക്കേഷനുകളും, വെബ് പ്ലാറ്റ്ഫോമുകളും തയ്യാറാക്കിയിട്ടുണ്ട്. ആയത് മേയ് അവസാനത്തോടുകൂടി നിലവിൽ വരുന്നതാണ്. സ്ത്രീ സുരക്ഷയും, പൊതുജനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശവും മറ്റുവിവരങ്ങളും നൽകുന്നതിനും, വിചാരണയുടെ അവസ്ഥ അറിയിക്കുന്നതിനും, ഓൺലൈൻ പിഴ ഒടുക്കുന്നതിനുവേണ്ടിയും, എമർജൻസി റെസ്പോൺസിനുവേണ്ടിയും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ടിയും സഹായകരമാകുന്ന സേവനങ്ങളാണ് ആദ്യഘട്ടത്തിൽ പ്രസ്തുത മൊബൈൽ ആപ്ലിക്കേഷനുകളും വെബ് പ്ലാറ്റ്ഫോമുകളും നൽകുന്നത്.<br>എല്ലാ ജില്ലകളിലും കുറ്റവാളികളെ |

| | | | |
|---|---|---|---|
| | | | ആധുനികമായ രീതിയിൽ പഴുതടച്ച് ചോദ്യം ചെയ്യുന്നതിനായി പ്രത്യേക ചോദ്യം ചെയ്യൽ മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു കേന്ദ്രീകൃത ലോക്കപ്പ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>19 പോലീസ് ജില്ലകളിൽ മൊബൈൽ ഫോറൻസിക് യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരള പോലീസ് അക്കാദമിയെ സ്മാർട്ട് ക്ലാസ് റൂം, സൈബർ ഫോറൻസിക് ലാബ് എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു സ്മാർട്ട് അക്കാദമി ആക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഒരു എത്തിക്കൽ ഹാക്കേഴ്സ് ടീം രൂപീകരിച്ചിട്ടുണ്ട്.<br>പോലീസ് ഉദ്യോഗസ്ഥർക്ക് ആധുനിക രീതിയിലുള്ള ബോഡിപ്രൊട്ടക്ടർ വിതരണം ചെയ്തിട്ടുണ്ട്. പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോട്ടയം, ആലപ്പുഴ എന്നിവിടങ്ങളിൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ബാക്കി 11 പോലീസ് ജില്ലകളിൽക്കൂടി പിങ്ക് പട്രോൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. ക്ലോൺ ഫ്രീ ഐഡന്റിറ്റി കാർഡ് പോലീസ് ഉദ്യാഗസ്ഥർക്ക് വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്തെ ഫിംഗർപ്രിന്റർ ബ്യൂറോയും, ടെലി കമ്മ്യൂണിക്കേഷനേയും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>MoPF സ്കീം പ്രകാരം 2016-17-ൽ സെക്യൂരിറ്റി ഉപകരണങ്ങൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ എന്നിവ ഉൾപ്പെടെയുള്ളവയ്ക്കായി 33,94,37,114/- രൂപ (മുപ്പത്തി മൂന്നു കോടി തൊണ്ണൂറ്റി നാലു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി നൂറ്റി പതിനാലു രൂപ) ചെലവഴിച്ചിട്ടുണ്ട്. കേരള പോലീസിന്റെ കാര്യക്ഷമത കൂടുതൽ വർദ്ധിപ്പിക്കുന്നതിനായി ആയുധങ്ങൾ, റോഡ് സുരക്ഷാ ഉപകരണങ്ങൾ , ട്രാഫിക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും വിവിധ പോലീസ് ഓഫീസുകൾക്കു വേണ്ടുന്ന കെട്ടിടങ്ങളുടെ നിർമ്മാണം, പോലീസ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണം തുടങ്ങിയവ നടപ്പിലാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേന്ദ്ര ആവിഷ്കൃത പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് ആന്റ് സിസ്റ്റം 514 പോലീസ് സ്റ്റേഷനുകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷന്റെ ഭാഗമായി ജനറൽ |

| | | | |
|---|---|---|---|
| | | | ഡയറി, എഫ്.ഐ.ആർ. എന്നീ മൊഡ്യൂളുകൾ നടപ്പിലാക്കി കഴിഞ്ഞു. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന് അനുവദിക്കപ്പെട്ട 40 കോടി രൂപയുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയും ഈ തുക മുഴുവനും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br>പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലന പരിപാടികൾ പോലീസ് ട്രെയിനിംഗ് കോളേജ്, കേരള പോലീസ് അക്കാഡമി, ഐ.എം.ജി. എന്നീ സംസ്ഥാനത്തിനകത്തെ പരിശീലന സ്ഥാപനങ്ങൾ വഴിയും സർദാർ വല്ലഭായി പട്ടേൽ നാഷണൽ പോലീസ് അക്കാദമി , ഹൈദ്രാബാദ്, നോർത്ത് ഈസ്റ്റേൺ പോലീസ് അക്കാദമി, മേഘാലയ, സെൻട്രൽ ഡിറ്റക്റ്റീവ് ട്രെയിനിംഗ് സ്കൂൾ, ഹൈദരാബാദ്, സി.ബി.ഐ. അക്കാദമി, ഗാസിയാബാദ്, LNJN NICFS, New Delhi തുടങ്ങിയ സംസ്ഥാനത്തിന് പുറത്തുള്ള വിവിധ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് പോലീസുദ്യോഗസ്ഥർക്ക് ആധുനിക പരിശീലനം നൽകി വരുന്നു. |
| (ബി) | ക്രമസമാധാന ചുമതലയും കുറ്റാന്വേഷണവും വേർതിരിച്ച് നൽകുന്നതിനുള്ള നടപടികൾ പോലീസിൽ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ